വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ബഹുമാനപ്പെട്ട ഉണ്ണി ചൂണ്ടിക്കാണിച്ച പ്രശ്നം ഞാൻ ഈ സഭയിൽ പറഞ്ഞതാണ്. സാങ്കേതികമായി പരിജ്ഞാനം ലഭിച്ചവരെ കിട്ടാൻ നാഷണൽ ടെക്സ്റ്റൈയിൽ കോർപ്പറേഷനുമായി ചർച്ച നടത്തുന്നുണ്ട്. കഴിയുന്നത്ര പരിചയസമ്പന്നരായ ആളുകളെക്കൊണ്ടുവന്ന് ഈ ടെക്സ്റ്റൈയിൽ കോർപ്പറേഷന്റെ പ്രവർത്തനം പരിപോഷിപ്പിക്കാനും നന്നാക്കിത്തീർക്കാനും ഗവൺമെന്റ് എല്ലാ നടപടികളും എടുത്തുവരുന്നുണ്ട്. അത് ഇനിയും തുടർന്ന് പോകുന്നതുമാണ്. ഈ നിയമസഭ പുരോഗമനപരമായ പല നിയമങ്ങളും പാസാക്കിയിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം, വന ദേശസാൽക്കരണ നിയമം മുതലായവ. ഈ അടുത്ത കാലത്താണ് മൽസ്യത്തൊഴിലാളി ക്ഷേമനിധിബിൽ പാസാക്കിയത്. ഓരോ നിയമനിർമ്മാണത്തിനും രണ്ട് ഭാഗമുണ്ട്. ഒന്ന് അതിന്റെ ജീവൻ. അതിന്റെ ഉദ്ദേശം, തൊഴിലാളികൾക്ക് തൊഴിൽ കൊടുക്കുക എന്നുള്ളതാണ്. മറേറത് അതിന്റെ ബോഡി. ഈ നിയമം ഏറ്റവും നല്ല നിയമമാണ്. അങ്ങേയ്ക്കുപോലും അങ്ങയുടെ സ്പീക്കർ രേണുകാലത്തെപ്പറ്റി പലതും ഓർക്കുമ്പോൾ ഈ പുരോഗമനപരമായ നിയമവും ഇവിടെ പാസാക്കാൻ സാധിച്ചു എന്നതിൽ അഭിമാനം കൊള്ളാം എന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട് ഇത് പാസാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

1985-ലെ കേരള ദുർബലാവസ്ഥയിലുള്ള ടെക്സ്റ്റൈയിൽ സംരംഭങ്ങൾ (സംരംഭങ്ങൾ വിലയ്ക്കെടുക്കലും കൈമാറ്റം ചെയ്യലും) ബിൽ പാസാക്കണം എന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഞാൻ അതിനെ പിന്താങ്ങുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

വകുപ്പ് തിരിച്ചുള്ള പരിഗണന

2, 3 വകുപ്പുകൾ

2, 3 വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാം വകുപ്പും പീഠികയും പേരും

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): ഈ ബിൽ അവസാനമായി പാസാക്കിത്തരണമെന്നഭ്യർത്ഥിക്കുന്നു.

1985-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

3 വൃക്ഷങ്ങളുടെ സംരക്ഷണം സംബന്ധിച്ച 1984-ലെ കേരളബിൽ—ചർച്ച (തുടർച്ച)

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട നൂറുദ്ദീൻ ഇവിടെ അവതരിപ്പിച്ച വൃക്ഷം വെട്ടിമുറിക്കുന്ന കാര്യത്തെ സംബന്ധിച്ച നിയമനിർമ്മാണം ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. ഇത് സംബന്ധമായി ഈ അവസരത്തിൽ ഞാൻ ഒരു കഥ പറയാൻ ആഗ്രഹിക്കുന്നു. മുഗൾ ചക്രവർത്തിയായ ഔറംഗസീബ് ഇൻഡ്യാരാജ്യം ഭരിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഡൽഹിയിലെ ജുമാമസ്ജിദിന് തീ പിടിക്കുകയുണ്ടായി. ആ വിവരമറിഞ്ഞ് ഡൽഹിയിലെ ആളുകൾ ഔറംഗസീബ് ചക്രവർത്തിയുടെ അരമനയിൽചെന്ന് ജുമാമസ്ജിദിന് തീ പിടിച്ചിരിക്കുന്നു ചക്രവർത്തീ, രക്ഷിക്കണം എന്നപേക്ഷിച്ചു. അപ്പോൾ ചക്രവർത്തി കുറേനേരം ആലോചിച്ചിട്ടു ചോദിച്ചുവത്രെ, ജുമാമസ്ജിദിന് തീ പിടിച്ചു എന്നുള്ളതു ശരി, അതു കത്തിനശിച്ചു പോയി എന്നുള്ളതും ശരി. അതിൽ എനിക്കു ദുഃഖമുണ്ട്. പക്ഷേ അതിന്റെ അടുത്ത് വലിയ ഒരു മരം ഉണ്ടായിരുന്നു. അതിന് വല്ലതും സംഭവിച്ചോ എന്നു ചോദിച്ചപ്പോൾ ആളുകൾ പറഞ്ഞു, അതിന് ഒന്നും സംഭവിച്ചിട്ടില്ല. എങ്കിൽ നിങ്ങൾ ഭയപ്പെടേണ്ട. പള്ളി ഞാൻ പത്തെണ്ണം ഉണ്ടാക്കിത്തരാം, ഈത്തരത്തിലുള്ള ഒരു മരം ഉണ്ടാക്കാൻ എന്നെക്കൊണ്ടാവില്ല എന്ന് ഔറംഗസീബ് പറയുകയുണ്ടായി. ഇവിടെ എന്തു നശിച്ചാലും നശിപ്പിക്കപ്പെട്ടാലും നമ്മുടെ ഒരു മരംപോലും നശിക്കാൻ പാടില്ല. മരം ഉൾക്കൊള്ളുന്ന കാടുകൾ നശിക്കാൻ പാടില്ല. കാടുകൾ ഉൾക്കൊള്ളുന്ന വനങ്ങൾ നശിക്കാൻ പാടില്ല. മരവും മനുഷ്യനും തമ്മിൽ വൈകാരികമായ ചില ബന്ധങ്ങൾ ഉണ്ട്. രണ്ടു മരത്തിന്റെ നടുവിലിരുന്നുകൊണ്ടാണ് ഒരു വേടനായ വാൽമീകി മഹർഷി വാൽമീകത്തിൽ നിന്നും രൂപംകൊണ്ട് വലിയ ഒരു ഇതിഹാസ പുരുഷനായി മാറിയത്. അതുപോലെ ശ്രീ. ബുദ്ധഗയാനു ബോധോദയം ഉണ്ടായത് ഒരു മരത്തിന്റെ (ആൽവൃക്ഷത്തിന്റെ) ചുവട്ടിലിരുന്ന് തപസുചെയ്തതുകൊണ്ടായിരുന്നു. കൗരവ സഭയിൽ കയ്പേറ്റതുകൊണ്ട് ജീവിക്കാൻ സാദ്ധ്യമല്ലാത്ത ഒരു സാഹചര്യത്തിൽ വ്യാസമഹർഷി തന്റെ അമ്മയായ സത്യവതിയെ പിടിച്ചുകൊണ്ടു പോയതും മരങ്ങളുള്ള ഒരു കാട്ടിലേക്കായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly